പ്രാധാന്യത്തോടെയാണ് എടുക്കുന്നത്. ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതുപോലെയുള്ള എന്തെങ്കിലും പുതിയ പ്രശ്നങ്ങളുണ്ടെങ്കിൽ അത് എൻഡോസൾഫാൻ സെല്ലിന്റെ യോഗത്തിൽ തീരുമാനിക്കും. പുതിയ ക്യാമ്പ് നടത്തുന്നതിനെക്കുറിച്ചും ആലോചിച്ച് ആവശ്യമെന്നുകണ്ടാൽ തീരുമാനമെടുക്കാം.

(5) 1950-ലെ പ്രസിഡൻഷ്യൽ ഓർഡറിന്റെ മൂന്നാം ഖണ്ഡികയുടെ ഭേദഗതി

<u>ശ്രീ. റോഷി അഗസ്റ്റിൻ</u>: സർ, ദളിത് ക്രൈസ്തവർക്ക് ഭരണഘടനാപരമായി ലഭിക്കേണ്ട അവകാശങ്ങൾ ലഭിക്കുന്നതിന് കേരള നിയമസഭ ഐകകണ്ഠ്യേന പ്രമേയം പാസ്സാക്കണമെന്ന ആവശ്യമാണ് ഞാൻ സബ്മിഷനിലൂടെ ഉന്നയിക്കുന്നത്. 1950 ഓഗസ്റ്റ് 10-ാം തീയതി കൊണ്ടുവന്ന പ്രസിഡൻഷ്യൽ ഓർഡർ പ്രകാരം പട്ടികജാതിയുടെ അവകാശങ്ങൾ നഷ്ടപ്പെട്ടവരാണ് ദളിത് ക്രൈസ്തവർ. ഈ ഉത്തരവുപ്രകാരം 1932-ലെ കമ്മ്യൂണൽ അവാർഡ് പൂനാ കരാർ പ്രകാരം ദളിത് ക്രൈസ്തവർക്ക് ലഭിച്ചിരുന്നതും 1935-ലെ ഗവൺമെന്റ് ഓഫ് ഇൻഡ്യ ആക്ട് പ്രകാരം നിയമമാക്കപ്പെട്ടതും പട്ടികജാതിക്കാർ മതനിരപേക്ഷമായി അനുഭവിച്ചിരുന്നതുമായ ആനുകൂല്യങ്ങൾ ഒരു വിഭാഗത്തിനുമാത്രമായി ചുരുക്കപ്പെട്ടത് അനീതിയായി മാത്രമേ കാണാൻ കഴിയൂ. ഈ ഉത്തരവ് ഭരണഘടനയുടെ 14-ാം വകുപ്പിൽ പറയുന്ന നിയമത്തിനുമുമ്പാകെയുള്ള സമത്വത്തിന് എതിരാണ്. ആർട്ടിക്കിൾ 15(1)-ൽ പറയുന്ന മതം, വർഗ്ഗം, ജാതി, ലിംഗം, ജന്മസ്ഥലം അല്ലെങ്കിൽ അവയിലേതെങ്കിലും മാത്രം കണക്കാക്കി രാഷ്ട്രം ഏതൊരു പൗരനോടും വിവേചനം കാണിക്കാൻ പാടില്ലെന്നാണ് വീക്ഷിക്കുന്നത്. ആർട്ടിക്കിൾ 25 പ്രകാരം എല്ലാ ആളുകൾക്കും മനസ്സാക്ഷി സ്വാതന്ത്ര്യത്തിനും സ്വതന്ത്രമായി മതത്തിൽ വിശ്വസിക്കുന്നതിനും ആചരിക്കുന്നതിനും പ്രചരിപ്പിക്കുന്നതിനുമുള്ള അവകാശത്തിനും ഒരുപോലെ അർഹതയുണ്ടെന്നാണ് ഉറപ്പുനൽകുന്നത്. 1950 ഓഗസ്റ്റ് 10-ാം തീയതി പുറപ്പെടുവിച്ച പ്രസിഡൻഷ്യൽ ഉത്തരവ് ഇൻഡ്യാ മഹാരാജ്യം അംഗമായ ഐക്യരാഷ്ട്രസഭയിൽ 1948-ൽ പ്രഖ്യാപിച്ച മനുഷ്യാവകാശ പ്രഖ്യാപനത്തിന്റെ 18-ാം വകുപ്പിനും എതിരാണെന്ന കാര്യം പരിശോധിക്കപ്പെടേണ്ടതാണ്. പ്രസിഡന്റിന്റെ ഉത്തരവുപ്രകാരം പുറത്തിറക്കിയ വിജ്ഞാപനം നിലനിൽക്കുമ്പോഴും ഭരണഘടനയുടെ 341-ാം വകുപ്പ് (2) ഉപവകുപ്പുപ്രകാരം സിഖ്മതം സ്വീകരിച്ച ദളിതർക്ക് പട്ടികജാതി അവകാശം നൽകി. അതുപോലെതന്നെ 1990-ൽ ബുദ്ധമതം സ്വീകരിച്ച

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ദളിതർക്കും പട്ടികജാതി അവകാശം നൽകിയെങ്കിൽ ആർട്ടിക്കിൾ 341-ാം ഉപവകുപ്പ് (2) പ്രകാരം ക്രിസ്തുമതം സ്വീകരിച്ച ദളിതർക്കും പട്ടികജാതി അവകാശം നൽകേണ്ടതല്ലേ? ഇൻഡ്യൻ ഭരണഘടനയിൽ 1976-ൽ കൊണ്ടുവന്ന 42-ാം ഭേദഗതി ആക്ട് (2) പ്രകാരമുള്ള ഭേദഗതിയിൽ പരമാധികാര സ്ഥിതിസമത്വ മതേതര ജനാധിപത്യ റിപ്പബ്ലിക്കായി വിഭാവനം ചെയ്തിട്ടുണ്ടെങ്കിൽ 1950 ഓഗസ്റ്റ് 10-ാം തീയതി പുറപ്പെടുവിച്ച പ്രസിഡൻഷ്യൽ ഓർഡറിന്റെ 3-ാം ഖണ്ഡിക ഭരണഘടനാ വിരുദ്ധമാണ്. ഇത് ഭരണഘടനാ വിരുദ്ധമാണെന്നും ഇത് ഒഴിവാക്കണമെന്നും ആവശ്യപ്പെട്ട് ബീഹാർ നിയമസഭ 2000-ലും ഉത്തർപ്രദേശ് നിയമസഭ 2006-ലും ആന്ധ്രാപ്രദേശ് നിയമസഭ 2009-ലും പ്രമേയം പാസ്സാക്കിയ കാര്യം നമ്മുടെ മുൻപിൽ രേഖയായി നിൽക്കുന്നു. 23-1-2008-ൽ രംഗനാഥ് മിശ്ര കമ്മീഷൻ സുപ്രീംകോടതിയിലും പാർലമെന്റിലും ദളിത് ക്രൈസ്തവ സംവരണത്തിന് അനുകൂലമായ റിപ്പോർട്ട് നൽകി. 4-4-2011-ൽ പട്ടികജാതി കമ്മീഷൻ തങ്ങൾ ദളിത് ക്രൈസ്തവ സംവരണത്തിന് എതിരല്ലെന്നുള്ള സത്യവാങ്മൂലം നൽകി. 18-7-2012-ൽ ഇൻഡ്യയിലെ ന്യൂനപക്ഷ കമ്മീഷൻ സുപ്രീംകോടതിയിൽ ദളിത് ക്രൈസ്തവ സംവരണത്തിന് അനുകൂലമായി സത്യവാങ്മൂലം നൽകി. എന്നാൽ കേന്ദ്ര സർക്കാർ സുപ്രീംകോടതിയിൽ സത്യവാങ്മൂലം നൽകാത്തതിനാൽ 22-3-2004-ൽ 150/2004 നമ്പരായി നൽകപ്പെട്ട ഹർജിയിൽ തുടർനടപടിയൊന്നും ഉണ്ടാകാതെ സുപ്രീംകോടതിയിൽ കഴിഞ്ഞ 11 വർഷമായി പഴയ അവസ്ഥയിൽതന്നെ കിടക്കുകയാണ്.

ദളിത് ക്രൈസ്തവർക്ക് പട്ടികജാതി ആനുകൂല്യം നൽകുന്ന കാര്യത്തെ സംബന്ധിച്ച് കേന്ദ്ര ഗവൺമെന്റ് ലെറ്റർ നമ്പർ 12016/30/1996 Section VI പ്രകാരം അയച്ച കത്തിനും കേരള സംസ്ഥാനം ഇതുവരെ മറുപടി നൽകിയിട്ടില്ലെന്നാണ് അറിയാൻ കഴിയുന്നത്. ദളിത് ക്രൈസ്തവരുടെ കാര്യത്തിൽ നിലനിൽക്കുന്ന ഈ അസമത്വം പരിഹരിക്കാൻ സംസ്ഥാന സർക്കാർ മുൻകയ്യെടുക്കണം. 1950-ലെ പ്രസിഡൻഷ്യൽ ഉത്തരവുപ്രകാരം നികുതിദായകർ മാത്രമായി തഴയപ്പെട്ട ദളിത് ക്രൈസ്തവർക്ക് അനുകൂലമായി, 1951-ൽ Kaka Kalekhar Commission-നും 1965-ൽ കുമാരപിള്ള കമ്മീഷനും 1969-ൽ ഇളയപെരുമാൾ കമ്മീഷനും 1970-ൽ സന്താനം കമ്മീഷനും 1982-ൽ മണ്ഡൽ കമ്മീഷനും 1992-ൽ മണ്ഡൽ കമ്മീഷൻ കേസിലെ വിധിയും 2007-ലെ രംഗനാഥ് മിശ്ര കമ്മീഷനും റിപ്പോർട്ടുകളിൽ ദളിത് ക്രൈസ്തവർക്ക് അവകാശം നൽകണമെന്ന് ശിപാർശ ചെയ്തിട്ടുണ്ട്. ഭരണഘടന

പറയുന്നത് നമ്മുടെ ഭാരതം ഒരു പരമാധികാര സ്ഥിതിസമത്വ മതേതര ജനാധിപത്യ റിപ്പബ്ലിക്ക് ആണെന്നാണ്. അതിലെ പൗരൻമാർക്കെല്ലാം സാമൂഹ്യവും സാമ്പത്തികവും രാഷ്ട്രീയവുമായ നീതി ലഭിക്കണം. ചിന്തയ്ക്കും ആശയപ്രകടനത്തിനും ആരാധനയ്ക്കുമുള്ള സ്വാതന്ത്ര്യമുണ്ടാകണം. ഒരു പട്ടികജാതിക്കാരൻ വിശ്വാസത്തിലൂറച്ച് ക്രിസ്ത്യാനിയായാൽ പട്ടികജാതി അവകാശങ്ങൾ നിഷേധിക്കാൻ ഭരണഘടന അനുവദിക്കുന്നില്ല. ഒരു പട്ടികജാതിക്കാരൻ ബുദ്ധമതമോ സിഖ്മതമോ സ്വീകരിച്ചാൽ അവന് പട്ടികജാതി അവകാശം ലഭിക്കുമെങ്കിൽ ക്രിസ്തുമതം സ്വീകരിച്ചവനും ആ അവകാശം ലഭിക്കേണ്ടതല്ലേ; അതുകൊണ്ട് ഈ സാഹചര്യം കണക്കിലെടുത്ത് 1950-ലെ പ്രസിഡൻഷ്യൽ ഓർഡറിന്റെ മൂന്നാം ഖണ്ഡിക ഭേദഗതി ചെയ്ത് ദളിത് ക്രൈസ്തവർക്കും ഭരണഘടനാപരമായ അവകാശങ്ങൾ ലഭിക്കുന്നതിനുവേണ്ടി ശിപാർശ ചെയ്തുകൊണ്ട് കേരള നിയമസഭ പാസ്സാക്കണമെന്നതാണ് എന്റെ സബ്മിഷൻ.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ, ജാതി വ്യവസ്ഥ അടിച്ചേൽപ്പിച്ച പിന്നോക്കാവസ്ഥയുടെ ദുരിതം അനുഭവിക്കുകയും അയിത്തംമൂലം കഷ്ടപ്പെടുന്നവരുമായ വിഭാഗങ്ങൾക്കാണ് ഭരണഘടനാപരമായി പ്രത്യേക പരിഗണന നൽകി പട്ടികയിൽ ഉൾപ്പെടുത്തപ്പെട്ടത്. ഹിന്ദു, സിഖ്, ബുദ്ധ മതത്തിലുള്ളവർക്കാണ് പരിഗണന ലഭിച്ചിട്ടുള്ളത്. പട്ടികജാതിയിൽനിന്നും പരിവർത്തനം ചെയ്യപ്പെട്ടവർ ക്രിസ്തുമതത്തിലും ജാതീയമായി വിവേചനത്തിന് വിധേയരാകുന്നു എന്നത് ഒരു പരിധിവരെ ശരിയാണ്. സാമൂഹ്യമായ ഉയർച്ച പട്ടിക വിഭാഗക്കാരെക്കാൾ ക്രൈസ്തവ മതം സ്വീകരിച്ചവർക്ക് ലഭ്യമായിട്ടുണ്ട് എന്നൊരു ധാരണയിലാണ് ഈ ആനുകൂല്യം ഭരണഘടനാപരമായി ഇവർക്ക് ലഭിക്കാതിരുന്നിട്ടുള്ളത്.അതേസമയംഇവരുടെ സാമൂഹ്യപരവും സാമ്പത്തികവുമായ പിന്നോക്കാവസ്ഥ കണക്കിലെടുത്ത് സാമ്പത്തികമായ ആനുകൂല്യങ്ങൾ സംസ്ഥാന ഗവൺമെന്റ് നൽകുന്നുണ്ട്. വിദ്യാർത്ഥികൾക്ക് ലഭിക്കുന്ന വിദ്യാഭ്യാസ ആനുകൂല്യങ്ങളിലും മറ്റ് സാമ്പത്തികമായ ആനുകൂല്യങ്ങളും പ്രത്യേകമായി ഏർപ്പെടുത്തുന്നു. അതുപോലെ സാമ്പത്തിക ഉന്നമനത്തിനായി പരിവർത്തിത ക്രൈസ്തവ ശിപാർശിത വിഭാഗ വികസന കോർപ്പറേഷൻ പ്രവർത്തിക്കുന്നുണ്ട്. ബഹുമാനപ്പെട്ട മെമ്പർ ഇവിടെ പറഞ്ഞ രീതിയിലുള്ള ഭരണഘടനാപരമായ അവകാശം ലഭിക്കുന്നതിന് ഭരണഘടന ഭേദഗതി ചെയ്തേ മതിയാകൂ. അത് സംസ്ഥാന ഗവൺമെന്റിന്റെ പരിധിയിൽ വരുന്നതല്ല. അത് കേന്ദ്രതലത്തിൽ തീരുമാനം എടുക്കേണ്ടതാണ്. ഈ വിഷയം കേന്ദ്ര സർക്കാരിന്റെ പൂർണ്ണമായ പരിധിയിൽപ്പെടുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly